ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ
അംഗീകാരത്താലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസും**
**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ**
**ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ നിന്നും**
നമ്മുടെ അധികാരത്തിൻകീഴിലുള്ള കോർഎപ്പിസ്ക്കോപ്പാമാർക്കും
റമ്പാന്മാർക്കും ബഹു. വൈദികർക്കും ശെമ്മാശ്ശഗണത്തിനും
സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

Prot. No. PL TVM 1/2017

# മേജർ അതിരൂപതയുടെ ആതിഥേയത്വത്തിൽ 87-ാം പുനരൈക്യവാർഷികവും സഭാസംഗമവും അടൂരിൽ

വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മാർത്തോമ്മാ ശ്ലീഹായുടെ മലങ്കരയിലെ അപ്പസ്തോലിക സഭ നിരവധി നിർണ്ണായക ഘട്ടങ്ങളിലൂടെയാണ് ഉദയംപേരൂർ സൂന്നഹദോസിന്റെയും കൂനൻകുരിശു സത്യത്തിന്റെയും ചരിത്രവഴികളിലെത്തിയത്. കൂനൻകുരിശു പ്രഖ്യാപനത്തിനു ശേഷം മലങ്കരസഭ അനേകം പിളർപ്പിന്റെ അനുഭവങ്ങളിലൂടെ കടന്നുപോയി. 1653-നു ശേഷം ഐക്യത്തിനായി അനേക പരിശ്രമങ്ങൾ നടത്തിയെങ്കിലും ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 1930-ൽ

നടന്ന പുനരൈക്യ ശ്രമങ്ങളാണ് വിജയത്തിലെത്തിയത്. അന്നത്തെ ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് 87 വർഷമാകുന്നു!

ഒരു സഭയെ സംബന്ധിച്ച് 87 വർഷം ഒരു നീണ്ട കാലയളവല്ലായെങ്കിൽ കൂടി ഈ കാലയളവിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ പ്രകടമായ ദൈവപരിപാലന ഏവരെയും അത്ഭുതപ്പെടുത്തുന്നതാണ്. മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രസക്തിയെക്കുറിച്ച് 87-ാം പുനരൈക്യ വാർഷികവേളയിൽ നാം ചിന്തിക്കുമ്പോഴും കൂനൻകുരിശു പ്രഖ്യാപനത്തിന്റെ ഗുണപരമായ ഭാവങ്ങളിലേക്കാണ് നാം നയിക്കപ്പെടുക എന്നതാണ് ഏറ്റം ആശ്ചര്യകരമായ വസ്തുത. മലങ്കര അപ്പസ്തോലിക സഭയുടെ ഉൾഭരണ സ്വാതന്ത്ര്യവും ആരാധനാ പൈതൃകവും സംരക്ഷിക്കുക തന്നെയായിരുന്നു 1653 ലെ പ്രതിജ്ഞയുടെ അന്തസത്ത. സാർവ്വത്രിക സഭാകൂട്ടായ്മയിൽ നിന്ന് അകന്നു നിൽക്കുകയെന്നത് അവരുടെ ചിന്തയേ ആയിരുന്നില്ല. എന്നാൽ ചരിത്രഗതിവിഗതികളിൽ അങ്ങനെ വന്നുഭവിച്ചുവെന്നത് ഒരു യാഥാർത്ഥ്യം!

1930-ൽ നടന്ന മലങ്കര പുനരൈക്യ സംഭവത്തിന്റെ ഉള്ളർത്ഥം ഇനിയും മനസ്സിൽ ആഴത്തിൽ പതിയേണ്ട ഇടങ്ങളുണ്ട്. ഒരേ സമയം തന്നെ മലങ്കരയുടെ ചിരപുരാതനമായ ഉൾഭരണ സ്വാതന്ത്ര്യവും പൈതൃകസംരംക്ഷണവും സാർവ്വത്രിക സഭയുമായുള്ള വി. കുർബ്ബാന സംസർഗ്ഗവും സാദ്ധ്യമാണോ? അതെ! എന്ന 1930-ലെയും തുടർന്നുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും ഉത്തരത്തെ ഇനിയും കണ്ടില്ലായെന്ന് നടിക്കുന്നത് സത്യത്തിന് നേരെയുള്ള കണ്ണടയ്ക്കലാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭ, തനിക്ക് ലഭിച്ച അതിപുരാതനമായ ആരാധനക്രമത്തെ സാർവ്വത്രികസഭയിൽ സമർപ്പിച്ച് ആരാധനാ ജീവിതം പുന:ക്രമീകരിച്ചപ്പോൾ മുതൽ അത്ഭുതകരമായ നിലയിൽ ദൈവം ഈ സഭയിലൂടെ ഇടപെടാൻ തുടങ്ങി. 5 പേരിൽ സമാരംഭിച്ച കൂട്ടായ്മയെ തിരുവനന്തപുരം കേന്ദ്രമാക്കി 1932-ൽ ഒരു മെത്രാപ്പോലീത്തൻ സഭയായി സാർവ്വത്രിക സഭയിൽ സ്ഥിരീകരിക്കുകയും റോമിലെ തിരുസിംഹാസനം എന്നും ഈ സഭയ്ക്ക് കരുതലും സംരക്ഷണവും ഔദാര്യത്തോടെ നൽകി ബലപ്പെടുത്തുകയും ചെയ്തുവന്നു. തിരുവനന്തപുരം അതിരൂപത, തിരുവല്ല രൂപത

എന്നീ രണ്ടു കാനോനീക സംവിധാനങ്ങളിൽ വളർന്നു മുന്നേറിയ നമ്മുടെ സഭയെ വിവിധ പ്രദേശങ്ങളിൽ രൂപതകൾ സ്ഥാപിച്ച് തിരുസിംഹാസനം നമ്മുടെ ശുശ്രൂഷകളെ വ്യാപിപ്പിച്ചും അനുഗ്രഹിച്ചും കൊണ്ടേയിരുന്നു. നമ്മുടെ സഭാമക്കളും സന്യസ്തരും വൈദികരും മെത്രാപ്പോലീത്താമാരും സഭാതലവനോട് ചേർന്ന് ഏറ്റം ത്യാഗ സമ്പൂർണ്ണവും മനുഷ്യ വളർച്ചക്കുതകുന്നവിധമുള്ള ശുശ്രൂഷകളും സേവനങ്ങളും നൽകി തിരുസിംഹാസനത്തിന്റെ സംരക്ഷണത്തെ എന്നും വിലമതിക്കുകയും സാധൂകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. 2005-ൽ, തന്റെ ശ്ലൈഹീക ശുശ്രൂഷയുടെ അനുഗ്രഹീത വേളയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ, മെത്രാപ്പോലീത്തൻ സഭയിൽ നിന്നും പാത്രിയാർക്കൽ സഭയ്ക്കു തുല്യമായ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഉയർത്തിയപ്പോൾ കൂനൻകുരിശിലെ ആലാത്തുകൾ മുഴുവൻ പൊട്ടിച്ചിതറി എന്നതാണ് സത്യം! പൗരസ്ത്യ കത്തോലിക്കാ സഭാ നിയമപ്രകാരമുള്ള മേജർ ആർച്ചുബിഷപ്പ് എന്ന സഭാദ്ധ്യക്ഷ സ്ഥാനം മലങ്കരയിലെ കാതോലിക്കോസ് എന്ന പുരാതന പൈതൃക സംജ്ഞയോട് ചേർത്ത് സഭാതലവനെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് എന്ന് പ്രഖ്യാപനവേളയിൽത്തന്നെ അഭിസംബോധന ചെയ്തത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൈതൃക സംരക്ഷണത്തിന്റെ സവിശേഷതയായി പരിഗണിക്കപ്പെട്ടു.

റീശ് പാത്രിയർക്കീസായ റോമാമാർപാപ്പയെ തെരഞ്ഞെടുക്കുന്ന കർദ്ദിനാൾ സംഘത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മലങ്കര സഭയിൽ നിന്ന് 2012-ൽ പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസിനെ കർദ്ദിനാളായി തെരഞ്ഞെടുത്തത് മലങ്കര അപ്പസ്തോലിക സഭകൾക്ക് പൊതുവായും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് പ്രത്യേകമായും അതുല്യമായ അംഗീകാര മായിരുന്നു. അതിൻപ്രകാരം 2013-ൽ പരി. ഫ്രാൻസിസ് മാർപാപ്പായെ തെരഞ്ഞെടുക്കുന്നതിന് അധികാരം ലഭിച്ച് വോട്ടവകാശം വിനിയോഗി ച്ചപ്പോൾ രണ്ടായിരത്തിൽ പരംവർഷം പഴക്കമുള്ള മലങ്കര അപ്പസ് തോലികസഭ ഇദംപ്രഥമമായി ഒരു മാർപാപ്പയെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ ഭാഗഭാക്കാകുകയായിരുന്നു. 2015-ൽ നമ്മുടെ സഭയിൽ, ഭാരതംമുഴുവൻ സുവിശേഷം അറിയിക്കുവാനുള്ള നൈയാമിക

അധികാരത്തോടുകൂടി ഗുഡ്ഗാവ് രൂപതയും പൂന-കഡ്കി എക്സാർക്കേറ്റും രൂപീകൃതമായതിലൂടെ നൂറ്റാണ്ടുകളായി നമ്മുടെ സഭയുടെ ഒരു സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയായിരുന്നു. ലോകത്തിൽ അതിവേഗം വളരുന്ന സഭകളിലൊന്നാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയെന്ന, തിരുവനന്തപുരത്തെ നമ്മുടെ കത്തീഡ്രൽ ദൈവാലയം സന്ദർശിച്ച ആദ്യത്തെ മാർപാപ്പാ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ സ്വർണ്ണമൊഴികൾ നമ്മെ സംബന്ധിച്ച് അനുദിനം സ്വർഗ്ഗം സ്ഥിരീകരിച്ചു കൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്! ഇന്ന് തിരുവനന്തപുരം മേജർ അതിരൂപത, തിരുവല്ല അതിരൂപത, ബത്തേരി, മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട, പുത്തൂർ, ഡൽഹി, അമേരിക്ക എന്നീ രൂപതകളും പൂനാ-കഡ്കി എക്സാർക്കേറ്റും നമുക്കുണ്ട്. ഗൾഫ് റീജിയണിൽ 6 ബഹു. വൈദികരുടെ നേതൃത്വത്തിൽ സുശക്തമായ കൂട്ടായ്മകളും പ്രവർത്തിച്ചുവരുന്നു. യൂറോപ്പിലും ഇംഗ്ലണ്ടിലും അയർലണ്ടിലും ഓസ്ട്രേലിയയിലും ന്യൂസിലണ്ടിലും നമുക്ക് സജീവമായി പ്രവർത്തിക്കുന്ന ഇടവകകളും മിഷൻ കേന്ദ്രങ്ങളുമുണ്ട്. കൂടാതെ ആഫ്രിക്കൻ രാജ്യങ്ങളായ എത്യോപ്യയിലും ടാൻസാനിയായിലും സൗത്ത് ആഫ്രിക്കയിലും നമ്മുടെ ബഹു. സന്യസ്തരും വൈദികരും ഏറെ ത്യാഗസമ്പൂർണ്ണമായ ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നത് അവിടെയുള്ള പ്രാദേശിക സഭകൾക്ക് വലിയൊരു സഹായകമാണ്. ഇന്ന് നമ്മുടെ ആരാധനക്രമം മലയാളം, തമിഴ്, കന്നഡ, ഹിന്ദി, ഇംഗ്ലീഷ്, ജർമ്മൻ, ഒറിയ, തെലുഗു, പഞ്ചാബി തുടങ്ങിയ ഭാഷകളിൽ സജീവമായി ഉപയോഗിച്ചുവരുന്നു. ഡൽഹി രൂപതയുടെയും പൂന-കഡ്കി എക്സാർക്കേറ്റിന്റെയും നേതൃത്വത്തിൽ നമ്മുടെ സുവിശേഷ സംഘത്തിന്റെ പിൻബലത്തിൽ വലിയൊരു മിഷൻ മുന്നേറ്റമാണ് നടത്തി വരിക. സുവിശേഷം പ്രസംഗിക്കുന്ന വന്റെ പാദങ്ങൾ എത്രസുന്ദരം (റോമ. 10:15) എന്ന വചനം ഇവിടെ എത്രയോ പ്രസക്തമാണ്.

87 വർഷക്കാലത്തെ പുനരൈക്യപ്പെട്ട മലങ്കര സഭാസമൂഹ ത്തിന് ഉണ്ടായ വളർച്ച നമ്മുടെ സഹോദരീസഭകൾക്ക് പാഠമാകണം. തായ്ത്തണ്ടിനോട് ചേർന്നു നിന്നപ്പോൾ ശാഖക്കുണ്ടായ വളർച്ച നിക്ഷ്പക്ഷമായി വിലയിരുത്തപ്പെടട്ടെ! കത്തോലിക്കാസഭയെ ക്കുറിച്ചും മലങ്കര പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ചുമുള്ള മുൻവിധിയും പക്ഷപാതപരമായ നിലപാടുകളും മാറ്റിവച്ച് ദൈവാ ത്മാവിന്റെ വെളിച്ചത്തിൽ പരിശോധിക്കപ്പെടുകതന്നെ വേണം.

87 വർഷക്കാലത്തെ അത്ഭുതകരമായ വളർച്ചയിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ഈ നന്മകളെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന സന്ദർഭമാണല്ലോ നമ്മുടെ സഭാസംഗമങ്ങളും പുനരൈക്യ വാർഷികവേളകളും. 87-ാമത് പുനരൈക്യ വാർഷികത്തിനും സഭാസംഗമത്തിനും ഇത്തവണ ആതിഥ്യം അരുളുന്നത് നമ്മുടെ മേജർ അതിരൂപതയാണ്. 2017 സെപ്റ്റംബർ 19, 20, 21 തീയതികളിൽ അടൂർ കേന്ദ്രമാക്കി ഈ ആഘോഷങ്ങൾ നടക്കുന്നതാണ്. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി 1930 മുതൽ 1953 വരെ ജീവിച്ചതും 1932 മുതൽ മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കിയേയും തിരുവനന്തപുരം അതിരൂപതയേയും നയിച്ചത് തിരുവനന്തപുരത്ത് ശുശ്രൂഷ ചെയ്തുകൊണ്ടാണ്. സഭയുടെ ചരിത്രത്തിൽ നമ്മുടെ മേജർ അതിരൂപതയ്ക്ക് സവിശേഷമായ സ്ഥാനമുണ്ട്. മേജർ അതിരൂപതയിൽ പുനരൈക്യ പരിശ്രമങ്ങളും സുവിശേഷ പ്രേഷിത ശുശ്രൂഷകളും ഒരുപോലെ വളർന്നു പന്തലിച്ചുവെന്നത് ദൈവതിരുമുമ്പാകെ സന്തോഷത്തോടെ ഓർക്കുന്നു. കന്യാകുമാരി മുതൽ തോട്ടപ്പള്ളി, ചെങ്ങന്നൂർ, ആങ്ങമൂഴി വരെ നീണ്ടുകിടന്ന അവിഭക്ത തിരുവനന്തപുരം അതിരൂപതയിൽ മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട എന്നീ ഭദ്രാസനങ്ങൾ രൂപംകൊണ്ടിട്ടുണ്ടെന്നുള്ളത് അഭിമാനത്തോടെ സ്മരിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവൻ തന്നെയാണ് മേജർ അതിരൂപതാദ്ധ്യക്ഷൻ എന്നതിന്റെ പ്രധാന്യം മേജർ അതിരൂപതയ്ക്ക് വിശേഷാൽ ബലം നൽകുന്നുവെന്നത് യാഥാർത്ഥ്യമാണ്. ദൈവദാസൻ മാർ ഈവാനിയോസ് തിരുമനസ്സ് തന്റെ അനുഗ്രഹീത ശ്ലൈഹീക ശുശ്രൂഷയിൽ സ്ഥാപിച്ച അടൂർ ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ മൂറോൻ കൂദാശയും 87-ാം പുനരൈക്യ വാർഷികവേളയിൽ നടക്കുന്നതാണ്.

ഈ വർഷത്തെ ആഘോഷപരിപാടികൾ ലളിതമായി നടത്തണമെന്നാണ് ആഗ്രഹിക്കുന്നത്. ആഘോഷപരിപാടികളെക്കുറിച്ച് ആലോചിക്കുന്നതിനായി മേജർ അതിരൂപതാ അജപാലന സമിതി രണ്ടുപ്രാവശ്യം സമ്മേളിച്ച് ചർച്ചചെയ്തു. നമ്മുടെ സഹായമെത്രാൻ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് തിരുമേനി ജനറൽ കൺവീനറായും പെരിയ ബഹു. ഗീവർഗ്ഗീസ്

നെടിയത്തച്ചൻ കൺവീനറായും മേജർ അതിരൂപതാ അജപാലന സമിതി സെക്രട്ടറി ശ്രീ. ജേക്കബ് പുന്നൂസ് സെക്രട്ടറിയായും ശ്രീ. മോനി ഏഴംകുളം ജോയിന്റ് സെക്രട്ടറിയായും പ്രവർത്തിക്കുന്നു. 28 വിവിധ കമ്മിറ്റികൾ ഇതിനായി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ സഭാതലത്തിലുള്ള ആഘോഷങ്ങൾക്കുവേണ്ടിയുള്ള ചെയർമാൻ അഭിവന്ദ്യ ഡോ. തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ എന്നോട് ചേർന്ന് ആഘോഷപരിപാടികൾക്ക് നേതൃത്വം നൽകുന്ന താണ്. ഓരോ സ്ഥലത്തെ പ്രത്യേകത കണക്കിലെടുത്താണ് നാം ആഘോഷപരിപാടികളുടെ സ്വഭാവം നിർണ്ണയിച്ച് പോരുന്നത്. പൊതുസമൂഹത്തിന് ബുദ്ധിമുട്ട് ഉളവാക്കുന്ന റാലി ഇത്തവണ ഒഴിവാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. റോഡ് മുറിച്ചു കുറുകെയുള്ള ആർച്ചുകളും കമാനങ്ങളും ഒഴിവാക്കുന്നതാണ്. പരിപാടികളിലും പരിസരങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഫ്ളക്സ് ബോർഡുകൾക്ക് പകരം അനുവദനീയ മായവ മാത്രമേ ഉപയോഗിക്കുകയുള്ളൂ.

ആർഭാടങ്ങളും വലിയ സാമ്പത്തിക ചെലവുകൾ വരുന്ന ഇനങ്ങളും ഒഴിവാക്കി പാവപ്പെട്ട ആളുകളെ കരുതുന്ന സമീപന ത്തിനാണ് കൂടുതൽ പ്രധാന്യം നൽകുന്നത്. കുറഞ്ഞത് 25 കുടുംബ ങ്ങളെ (നാനാ ജാതി മതസ്ഥർ) ഒരു ലക്ഷം രൂപാ വീതം നൽകി സഹായിക്കണമെന്നാഗ്രഹിക്കുന്നു. മദ്ധ്യപൂർവ്വ പ്രദേശങ്ങളിലെ ഭീകരാക്രമണങ്ങളുടെ നടുവിൽ ജീവൻ കൊടുത്തുപോലും ക്രിസ്തീയ വിശ്വാസത്തിന് ബലം പകരാൻ ശ്രമിക്കുന്ന നമ്മുടെ ക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാൻ നമ്മൾ ആഗ്രഹിക്കുന്നു. അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയുടെ പാത്രിയർക്കീസ് അത്യഭിവന്ദ്യ ഇഗ്നാസ് യൂസഫ് യൗനാൻ ബാവാ തിരുമേനിയാണ് ഈ വർഷത്തെ ആഘോഷപരിപാടികളുടെ മുഖ്യാതിഥി. സിറിയായിലും ഇറാഖിലും വീടും നാടും സമ്പത്തും നഷ്ടപ്പെട്ട നമ്മുടെ ക്രൈസതവ സഹോദരങ്ങൾക്ക് നമ്മളാൽ കഴിയുന്ന സഹായം ചെയ്തുകൊടുക്കുന്നത് 87-ാം പുനരൈക്യ വാർഷികാ ഘോഷത്തിന്റെ മുഖ്യഇനമായി ഏവരും സ്വീകരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആയതിലേക്ക് എല്ലാവരും ഔദാര്യപൂർവ്വം സംഭാവന ചെയ്യണം എന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

## പുനരൈക്യവാർഷികത്തിന് ഇടവക കമ്മിറ്റി

87-ാം പുനരൈക്യ വാർഷികത്തിനും സഭാസംഗമത്തിനും ആവശ്യമായ ഒരുക്കങ്ങളും ക്രമീകരണങ്ങളും ചെയ്യുന്നതിന് നമ്മുടെ മേജർ അതിരൂപതയിലെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും പുനരൈക്യ വാർഷിക കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. 10 അംഗങ്ങളിൽ കുറയാത്ത ഈ കമ്മിറ്റിയിൽ ട്രസ്റ്റി, സെക്രട്ടറി, എന്നിവരെ കൂടാതെ എം.സി.ഏ., എം.സി.വൈ.എം., മാതൃസംഘം, സണ്ടേസ്കൂൾ എന്നിവയുടെ പ്രതിനിധികളും മറ്റു തെരഞ്ഞെടുക്ക പ്പെട്ടവരും ഉണ്ടായിരിക്കണം. കമ്മിറ്റിയിൽ കുറഞ്ഞത് നാലുപേരെങ്കിലും വനിതകൾ ആയിരിക്കണം. ബഹു. വികാരിയച്ചൻ ചെയർമാനായുള്ള ഈ കമ്മിറ്റിയുടെ പേരുവിവരങ്ങൾ 2017 മെയ് 20-നു മുമ്പ് അരമന കൂരിയായിൽ എത്തിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റികളുടെ സംയുക്തയോഗം ജൂൺ 3-ാം തീയതി കൂടുന്നതാണ്. 87-ാം പുനരൈക്യ വാർഷികവുമായി ബന്ധപ്പെട്ട് നടക്കേണ്ടുന്ന എല്ലാ കാര്യങ്ങളുടെയും ഇടവകതലത്തിലുള്ള ഉത്തരവാദിത്വം ഈ കമ്മിറ്റിക്കായിരിക്കും. വിശദവിവരങ്ങൾ ഈ കമ്മിറ്റി വഴി നമ്മുടെ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതാണ്.

## മദ്ധ്യസ്ഥ പ്രാർത്ഥനാ ടീം

നമ്മുടെ വാർഷികാഘോഷങ്ങളുടെ പൂർണ്ണവിജയത്തിനായി നാഥന്റെ സന്നിധിയിലിരുന്നു പ്രാർത്ഥിക്കുന്ന ഒരു ടീം രൂപീകരിക്കപ്പെട്ടു കഴിഞ്ഞു. പുനരൈക്യ ശുശ്രൂഷയുടെ വിജയത്തിനും നമ്മുടെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും നമ്മുടെ സാക്ഷ്യ ജീവിതത്തിന്റെ സ്വീകാര്യതയ്ക്കുംവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥനാ ടീമിനൊപ്പം പ്രാർത്ഥിക്കുവാൻ ഏവരെയും സ്നേഹത്തോടെ ഞാൻ ആഹ്വാനം ചെയ്യുന്നു.

ബഹു. വൈദികരേ, കർത്താവിൽ പ്രിയരേ,

87-ാം പുനരൈക്യ വാർഷികവും സഭാസംഗമവും ഏറ്റം ഉചിതമായും മാതൃകാപരമായും ആത്മീയശൈലിയിലും നടത്തി വിജയിപ്പിക്കേണ്ടത് നമ്മുടെ മേജർ അതിരൂപതയുടെ കടമയാകുന്നു. ആത്മീയതയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പരിപാടികളിലെല്ലാം തന്നെ നമ്മുടെ മേജർ അതിരൂപതാംഗങ്ങൾ സജീവമായി സംബ ന്ധിക്കുന്നതിന് മുൻകൂറായിത്തന്നെ ഒരുക്കങ്ങൾ നടത്തേണ്ടതാണ്.

ഒരു സഭയായി വളരുന്നതിന് നമ്മെ ഏറെ സഹായിച്ചിട്ടുള്ള പൊതുകൂടിവരവാണ് പുനരൈക്യ വാർഷികവും സഭാസംഗമവും. സാർവ്വത്രിക സഭാകൂട്ടായ്മയിൽ വി. പത്രോസിന്റെ പിൻഗാമിയായ റോമിലെ പരിശുദ്ധ മാർപാപ്പയോട് ചേർന്ന്നിന്ന് സുവിശേഷം ലോകത്തിനു പകർന്നുകൊടുക്കുവാൻ നിയോഗവും കൃപയും ലഭിച്ച മലങ്കരയിലെ ഏക സഭ - മലങ്കര സുറിയാനി കത്തോലിക്കാ സഭയാണെന്നത് - നന്ദിനിറഞ്ഞ ഹൃദയത്തോടെ സ്മരിച്ച് നമുക്കു സഭയായി മുന്നേറാം. പുനരൈക്യവാർഷികവും സഭാസംഗമവും നമ്മുടെ സഭാചരിത്രത്തിൽ അവിസ്മരണീയമായ അനുഗ്രഹം പ്രദാനം ചെയ്യട്ടെ.

ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, എന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ മാർ ബസേലിയോസിന്റെയും സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
തിരുവനന്തപുരം മേജർ അതിരൂപതയുടെ അദ്ധ്യക്ഷൻ.

തിരുസന്നിധി, പട്ടം
10-04-2017.

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...**

N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും സന്യാസ ഭവനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.